**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ നിന്നും എൻ.പി.എസ്. വിഹിതമായി നാളിതുവരെ പിടിച്ചിട്ടുള്ള തുക എത്രയാണെന്നും അതിൽ എത്ര തുക എൻ.പി.എസ്. ലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | 08/2014 മുതൽ 01/2022 വരെ സർവീസിൽ പ്രവേശിച്ചവരിൽ നിന്നും എൻ.പി.എസ് വിഹിതമായി Rs.142,68,33,912/- ഈടാക്കിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് ജീവനക്കാരുടെ വിഹിതമായ 40,54,47,394/- രൂപയ്ക്ക് തുല്യമായ കെ.എസ്.ആർ.ടി.സി. വിഹിതം (40,54,47,394/- രൂപ) ചേർന്ന തുക Rs.81,08,94,788/- നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ വിഹിതമായി എൻ.പി.എസ്. ൽ നാളിതുവരെ എത്ര രൂപ അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | 08/2014 മുതൽ 01/2022 വരെ സർവീസിൽ പ്രവേശിച്ചവരിൽ നിന്നും എൻ.പി.എസ് വിഹിതമായി Rs.142,68,33,912/- ഈടാക്കിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് ജീവനക്കാരുടെ വിഹിതമായ 40,54,47,394/- രൂപയ്ക്ക് തുല്യമായ കെ.എസ്.ആർ.ടി.സി. വിഹിതം (40,54,47,394/- രൂപ) ചേർന്ന തുക Rs.81,08,94,788/- നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാരുടെയും കോർപ്പറേഷന്റെയും എൻ.പി.എസ്. വിഹിതം അടയ്ക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇപ്രകാരം വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെയും കോർപ്പറേഷന്റെയും വിഹിതവും ചേർന്നുള്ള തുക എൻ.പി.എസിൽ നിക്ഷേപിക്കുന്നതിൽ കുടിശ്ശികയുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ ബഡ്ജറ്റിൽ എൻ.പി.എസ്. ഉൾപ്പെടെയുള്ള വിവിധ കുടിശ്ശിക തുകകൾ നൽകുന്നതിനായി 225 കോടി രൂപ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം അനുവദിച്ചിരുന്നില്ല. സാമ്പത്തിക നിലമെച്ചപ്പെടുന്ന സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ